പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5276 — 27.07.2015 -ൽ മറുപടിക്ക്.

## പാചകവാതക വിതരണ മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം<br>**ശ്രീ.എം.ചന്ദ്രൻ** | മറുപടി<br>**ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) പാചകവാതക വിതരണ മേഖലയിലെ പ്രശ്നങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പാചകവാതക വിതരണം കാര്യക്ഷമമാക്കുന്നതിനും ഉപഭോക്താക്കൾക്ക് കൃത്യ സമയത്ത് എത്തിക്കുന്നതിനും വ്യക്തമായ നയം രൂപീകരിക്കുമോ ; | (ബി) പാചക വാതക വിതരണവും നീക്കവും പാചക വാതക ഫില്ലിംഗും അനുബന്ധ പ്രവർത്തനങ്ങളും അവശ്യസർവ്വീസായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ സഹിതം വിശദമായ ശുപാർശകൾ സമർപ്പിക്കുവാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 'പഹൽ' സ്കീം നടപ്പിലായതോടു കൂടി സിലിണ്ടറുകൾ ഉപഭോക്താവിനു തന്നെ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തുവാൻ കഴിയുന്നുണ്ട് എന്നും പാചക വാതകം യഥാസമയത്ത് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് ഏജൻസികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട് എന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (സി) ഏജൻസികളും ഉപഭോക്താക്കളും തമ്മിലുള്ള പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോ? | (സി) പാചക വാതക വിതരണ രംഗത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് ഗ്യാസ് ഏജൻസികളും ഉപഭോക്താക്കളും തമ്മിലുള്ള പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങളും പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിച്ച് പരാതികൾ പരിഹരിക്കുന്നുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന 1800-2333-555 എന്ന ടോൾ ഫ്രീ നമ്പറിലും ബന്ധപ്പെട്ട എണ്ണക്കമ്പനികളുടെ വെബ്സൈറ്റിലും പരാതികൾ രേഖപ്പെടുത്താവുന്നതാണ് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ